## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 749 | 29.11.2018 -ൽ മറുപടിക്ക്

## കായംകുളം അഡ്വഞ്ചർ ടൂറിസം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. യു. പ്രതിഭ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ടൂറിസം ഡിപ്പാർട്ട്മെന്റിൽ നിന്നും 95 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കായംകുളം അഡ്വഞ്ചർ ടൂറിസം പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; | എ) കായംകുളം അഡ്വഞ്ചർ ടൂറിസം പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് CRZ മേഖലയിലാണ്. പ്രസ്തുത സ്ഥലത്ത് നിലവിലുള്ള ഹൗസ് ബോട്ട് ടെർമിനലിൽ CRZ ക്ലിയറൻസ് ഇല്ലാത്തതിനാൽ പൊളിച്ചു മാറ്റണമെന്ന് മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ അഡ്വഞ്ചർ ടൂറിസം പദ്ധതിയ്ക്ക് CRZ ക്ലിയറൻസ് നേടാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. |
| ബി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട മേൽനോട്ടം ആർക്കാണ് എന്ന് വിശദമാക്കാമോ; ഭരണാനുമതി ലഭിച്ച് ഏകദേശം എട്ട് മാസം പിന്നിട്ടിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തതിനുള്ള കാരണം വ്യക്തമാക്കാമോ? | ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം WAPCOS എന്ന പൊതുമേഖലാ സ്ഥാപനത്തിനും മേൽനോട്ടം ഡിറ്റിപിസി-ക്കുമാണ്. CRZ ക്ലിയറൻസും മറ്റ് ക്ലിയറൻസുകളും ലഭിക്കാത്തതിനാലാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത്. |

സെക്ഷൻ ഓഫീസർ